**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3486** **26-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ റീ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ സർവേ നടപടി പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി, പെരുമ്പളം എന്നീ രണ്ട് വില്ലേജുകളുടെ റീസർവെ കൺവെൻഷണൽ രീതിയിൽ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.<br>സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത അരൂർ മണ്ഡലത്തിലെ എഴുപുന്ന, കുത്തിയതോട് എന്നീ വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും, അരൂർ വില്ലേജിന്റെ 51% (768.5 ഹെക്ടർ) ഫീൽഡ് സർവെ ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | റീസർവേ നടപടി പൂർത്തീകരിച്ച വില്ലേജുകളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | കൺവെൻഷണൽ രീതിയിൽ റീസർവെ നടത്തിയ പെരുമ്പളം വില്ലേജിലെ 4852 പരാതികളും അരൂക്കുറ്റി വില്ലേജിലെ 6987 പരാതികളും നാളിതുവരെ ലഭിച്ചിട്ടുണ്ട്. |
| (സി) | പെരുമ്പളം പഞ്ചായത്തിൽ റീ സർവേയുമായി ബന്ധപ്പെട്ട് ശ്രീ.ഷൈജു, പുളിക്കിച്ചിറ, പെരുമ്പളം സമർപ്പിച്ച പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ചേർത്തല താലൂക്ക് ആഫീസിൽ റീസർവെയുമായി ബന്ധപ്പെട്ട് ശ്രീ. ഷൈജു, പുളിക്കിച്ചിറ, പെരുമ്പളം സമർപ്പിച്ച അപേക്ഷയിന്മേൽ സർവെയർ സ്ഥല പരിശോധന പൂർത്തിയാക്കി ഫയൽ തുടർ നടപടികൾക്കായി ഹെഡ് സർവെയർക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ